"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - വട്ടപ്പാറ എൽ.എം.എസ് ഹൈസ്കൂളിലെ ശ്രീ.വൈ. റോണി ജോണിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിക്കുന്നത് - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3648/2025/GEDN തീയതി,തിരുവനന്തപുരം, 04-06-2025

---

പരാമർശം:-
1. എൽ.എം.എസ്. കോർപ്പറേറ്റ് മാനേജരുടെ 03.01.2024, 6/5/2025 തീയതിയിലെ റിവിഷൻ ഹർജി
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.10.2024, 6/5/2025 തീയതികളിലെ ഇറ്റി5/3696/2024/ഡിജിഇ നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ വട്ടപ്പാറ എൽ.എം.എസ് ഹൈസ്കൂളിലെ ശ്രീ.വൈ.റോണി ജോണിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 19/06/2017 മുതലുള്ള നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് എൽ.എം.എസ്. കോർപ്പറേറ്റ് മാനേജർ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. വട്ടപ്പാറ എൽ.എം.എസ്. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ.ഇ.യേശുദാസനെ കൊല്ലം ക്രേവൻ എച്ച്.എസ്.എസ്.ലേയ്ക്ക് സ്ഥലം മാറ്റിയ ഒഴിവിൽ ടി സ്കൂളിലെ എഫ്.റ്റി.എം ആയിരുന്ന ശ്രീ.റോണി ജോണിനെ 19/06/2017 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ചു.

3. എന്നാൽ ടി സ്ഥാനക്കയറ്റ നിയമനം വിദ്യാഭ്യാസ അധികാരികൾ നിരസിച്ചു. ഇതേ മാനേജ്മെന്റിന്റെ കീഴിലുള്ള സീനിയർ ആയ ഓഫീസ് അറ്റൻഡന്റ് ശ്രീ.മോഹനൻ ഷാബി 2014-2015 മുതൽ 2017-2018 വരെ ലൈറ്റ് റ്റു ദി ബ്ലൈൻഡ് സ്കൂളിൽ ഓഫീസ് അറ്റൻഡന്റ് തസ്തിക ഇല്ലാതിരുന്നതിനാൽ അംഗീകാരമില്ലാതെ പുറത്ത് നിന്നതായിരുന്നു നിരസിക്കലിനു കാരണം. എന്നാൽ നിലവിൽ പ്രസ്തുത നിരസിക്കലിനുള്ള കാരണം നിലനിൽക്കുന്നില്ല എന്നും ശ്രീ.റോണി ജോണിന്റെ നിയമനം അംഗീകരിക്കണമെന്നും റിവിഷൻ പെറ്റിഷനിൽ കോർപ്പറേറ്റ് മാനേജർ ആവശ്യപ്പെട്ടിട്ടുണ്ട്.

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

വട്ടപ്പാറ എൽ.എം.എസ്. എച്ച്.എസ്.എസ്-ലെ ഓഫീസ് അറ്റൻഡൻ് ആയിരുന്ന ശ്രീ.ഇ.യേശുദാസനെ കൊല്ലം ക്രേവൻ എച്ച്.എസ്.എസിലേയ്ക്ക് സ്ഥലം മാറ്റിയ ഒഴിവിൽ ടി

സ്കൂളിലെ എഫ്.റ്റി.എം ആയിരുന്ന ശ്രീ.റോണി ജോണിനെ 19/06/2017 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ചു. എന്നാൽ ഇതേ മാനേജ്മെന്റിന് കീഴിലുള്ള വർക്കല ലൈറ്റ് റ്റ ദി ബ്ലൈൻഡ് സ്കൂളിൽ 19/01/2014 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥലം മാറ്റി നിയമിച്ച ശ്രീ.മോഹൻ ഷാബിക്ക് ടി സ്കൂളിൽ നിലനിൽക്കാൻ ഓഫീസ് അറ്റൻഡന്റ് തസ്തിക ഇല്ലാത്തതിനാൽ സ്ഥലംമാറ്റം അംഗീകരിച്ചിരുന്നില്ല. സീനിയർ അവകാശി തസ്തികയും ശമ്പളവും ഇല്ലാതെ നിലനിൽക്കുന്ന സാഹചര്യത്തിൽ ജൂനിയറിന്റെ നിയമനം അംഗീകരിക്കാൻ കഴിയാത്തതിനാൽ ശ്രീ.റോണി ജോണിന്റെ നിയമനം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയില്ല. ഇതിനെതിരെ വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, എന്നിവർക്ക് നൽകിയ അപ്പീലും ഇതേ കാരണത്താൽ നിരസിച്ച് ഉത്തരവായിരുന്നു.

5. തസ്തികയും ശമ്പളവും ലഭിക്കാത്തതിനെതിരെ ബഹു. ഹൈക്കോടതിയിൽ ശ്രീ.മോഹൻ ഷാബി ഫയൽ ചെയ്ത റിട്ട് ഹർജി WP(C) No.973/2018 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാന് സ്ഥലം മാറ്റം അനുവദിച്ച 13/01/2014 മുതൽ 05/02/2018 വരെ നിലനിത്താൻ വേണ്ടി പ്രസ്തുത സ്കൂളിൽ പ്യൂൺ തസ്തിക അനുവദിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.മോഹൻ ഷാബിയുടെ സ്ഥലം മാറ്റം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നം. ബി5/3430/2022 തീയ്യതി 27/09/2023 പ്രകാരം അംഗീകരിച്ചു നൽകുകയും ടിയാന് ശമ്പളാനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്തിരുന്നു. കൊല്ലം ക്രേവൻ എച്ച്.എസ്.എസ്.ലേയ്ക്ക് സ്ഥലം മാറി പോയ ശ്രീ.ഇ.യേശുദാസന്റെ സ്ഥലംമാറ്റം അംഗീകരിക്കപ്പെടുകയും ടിയാൾ 30/04/2021 ന സർവീസിൽ നിന്നും വിരമിക്കുകയും ചെയ്തു.

6. മേൽ സാഹചര്യത്തിൽ എൽ.എം.എസ്.എച്ച്.എസ്.എസ്. വട്ടപ്പാറയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.വൈ. റോണി ജോണിന്റെ 19/06/2017 മുതലുള്ള ഓഫീസ് അറ്റൻഡന്റ് നിയമനത്തിനു വേണ്ട തസ്തിക 19/06/2017 തീയതി മുതൽ വ്യവസ്ഥാപിതമാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

7.. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വട്ടപ്പാറ എൽ.എം.എസ് ഹൈസ്കൂളിലെ ശ്രീ.വൈ.റോണി ജോണിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 19/06/2017 മുതലുള്ള നിയമനം, തസ്തിക നിലവിലുണ്ടെങ്കിലും, ടിയാൻ മറ്റു വിധത്തിൽ അർഹനാണെങ്കിലും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ച്, ടിയാന്റെ നിയമനം അംഗീകരിക്കുന്നതിനായി ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, അപ്രകാരം എൽ.എം.എസ്. കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, എൽ.എം.എസ്. സ്കൂൾസ്, എൽ.എം.എസ്. കോമ്പൗണ്ട്,
തിരുവനന്തപുരം -695 033
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

Signed by
Deepa N S
Date: 04-06-2025 14:49:10